LIBRARY ARCHIVES Kerala Legislative Assembly

പൊന്നാനി കെ.എസ്.ആർ.ടി.സി. സബ്ഡിപ്പോ

314 (3826) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി കെ. എസ്. ആർ. ടി. സി. സബ്ഡിപ്പോയിൽ നിന്നും ഇപ്പോൾ എത്ര ഷെഡ്യൂളുകളാണ് സർവ്വീസ് നടത്തുന്നതെന്നും എത്ര ഷെഡ്യൂളുകളാണ് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ ഷെഡ്യൂളുകൾ മുടങ്ങാറുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് എന്തുകൊണ്ടാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ ബസ്സുകളുടെയും ജീവനക്കാരുടെയും കുറവുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. പൊന്നാനി യൂണിറ്റിൽ 44 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ശരാശരി 36 ഷെഡ്യൂളുകൾ ദിനംപ്രതി ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

(ബി) എട്ടോളം ഷെഡ്യൂളുകൾ ദിനംപ്രതി മുടങ്ങുന്നുണ്ട്. ബസുകളുടെ ലഭ്യതക്കുറവാണ് ഷെഡ്യൂളുകൾ മുടങ്ങുവാൻ കാരണം.

(സി) ഉണ്ട്.

ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

പുതിയ ബസുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് കുറവുള്ള ബസുകൾ അനുവദിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

തിരുവല്ല കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലെ മുറി ലേലം

315 (3827) ശ്രീ. മാത്യു റ്റി.തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ലയിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ എത്ര മുറികൾ ലേലത്തിൽ പോയിട്ടുണ്ടെന്നും എത്ര മുറികൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും വിശദമാക്കാമോ?

ഉത്തരം

തിരുവല്ലയിൽ പുതുതായി പണികഴിപ്പിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ 37 മുറികൾ ലേലത്തിൽ പോയിട്ടുണ്ട്. 7 മുറികൾ അനുവദിക്കാനുള്ള നടപടി ക്രമങ്ങളിലാണ്. 46 എണ്ണം ഒഴിഞ്ഞു കിടക്കുന്നു.

നിരീക്ഷണ ക്യാമറകൾ

316 (3828) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ച് ട്രാഫിക്ക് നിയമലംഘനങ്ങളിൽ നിന്നും പിഴ ഈടാക്കാൻ മോട്ടോർ വാഹനവകുപ്പ് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്യാമറ നിരീക്ഷണ സംവിധാനം വഴി കണ്ടുപിടിക്കാവുന്ന ട്രാഫിക് സംബന്ധമായ നിയമ ലംഘനങ്ങൾക്ക് നൽകുന്ന നോട്ടീസുകൾക്ക് പിഴ ഈടാക്കുന്നത് കെൽട്രോൺ തയ്യാർ ചെയ്ത payment service module എന്ന വെബ് അധിഷ്ഠിത സോഫ്റ്റ്വെയർ മുഖേനയാണ്. ഈ സംവിധാനത്തിൽ പിഴ അടയ്ക്കുമ്പോൾ തന്നെ നോട്ടീസിന്മേൽ ഉള്ള നടപടികൾ അവസാനിപ്പിക്കപ്പെടുന്നു. പിഴ ഒടുക്കാത്ത നിയമ ലംഘകർക്ക് reminder അയയ്ക്കുന്നതിനും ഈ സംവിധാനത്തിൽ കൂടി കഴിയും. ഇതിന്റെ സഹായത്തോടെ ഗതാഗത നിയമലംഘകരിൽനിന്നും പിഴ ഈടാക്കാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് അതാതു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഗതാഗത നിയമങ്ങൾ ലംഘിച്ചുകൊണ്ട് അപകടങ്ങൾക്ക് സാഹചര്യം സൃഷ്ടിക്കുന്ന മേഖലകൾ തിരിച്ചറിഞ്ഞ് അവിടെയൊക്കെ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് നിയമലംഘകരെ കണ്ടെത്തി പിഴ ഈടാക്കുന്നതിനുള്ള നടപടികളാണ്

LIBRARY ARCHIVES Kerala Legislative Assembly